പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4415 | 26.06.2014 -ൽ മറുപടി നൽകേണ്ടത്

"ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ" ലഭിച്ച അപേക്ഷകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ" ഭൂമി ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്ന പറയാമോ;ഇവർക്ക് ഭൂമി നൽകുന്നതിന് എത്ര ഹെക്ടർ ഭൂമി വേണമെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ: | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഒന്നാംഘട്ടമായി 2,92,012 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ ക്കനുസൃതമായി നടത്തിയ അന്വേഷണത്തിൽ സംസ്ഥാനത്ത് 243928 പേരെ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. 01-02-2014 മുതൽ പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് 67281 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഇവയിൽ ഉൾപ്പെട്ട ഭൂരഹിത കുടുംബങ്ങളുടെ എണ്ണം കൃത്യമായി ഇപ്പോൾ കണക്കാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം അന്തിമമായി തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ ആവശ്യമായ ഭൂമിയുടെ വിസ്തീർണം കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) പദ്ധതിയുടെ ഭാഗമായി ഇതിനോടകം എത്രപേർക്ക് ഭൂമി നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ:ശേഷിച്ച അപേക്ഷകർക്ക് എത്ര നാളിനുള്ളിൽ ഭൂമി വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (ബി) പദ്ധതിയുടെ ഒന്നാംഘട്ടമായി 36,422 പേർക്ക് താഴെ പറയും പ്രകാരം ഭൂമി അനുവദിച്ചിട്ടുണ്ട്. |

| | |
| --- | --- |
| തിരുവനന്തപുരം | 3180 |
| കൊല്ലം | 683 |
| പത്തനംതിട്ട | 506 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 1992 |

| | |
|---|---|
| എറണാകളം | 1449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1550 |
| വയനാട് | 727 |
| കണ്ണൂർ | 11032 |
| കാസർഗോഡ് | 10271 |
| ആകെ | 36422 |

കൂടാതെ കണ്ണൂർ ജില്ലയിൽ പട്ടിക വർഗത്തിൽപ്പെട്ട 68 ഗുണഭോക്താക്കൾക്ക് ഒരു ഏക്കർ വീതം ഭൂമി അനുവദിച്ചിട്ടുണ്ട്. ചട്ട പ്രകാരം ഭൂമി കൈമാറുന്ന നടപടികൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. 2015 ഡിസംബറോടുകൂടി പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

C.K.V. Kunhambu

സെക്ഷൻ ഓഫീസർ